“പുറം വെളുക്കുന്നതിലില്ല ഖ്യാതി
വെളുപ്പിക്കണമകതാരും
നിത്യം വെടിപ്പായ്.”

അയാൾ എല്ലാം കൊണ്ടും നല്ല അവസ്ഥയിലാണ്. സാമ്പത്തിക സ്ഥിതിയും മോശമല്ലാത്ത സാമൂഹിക ബന്ധവും കുടുംബചുറ്റുപാടുമൊക്കെ ഒന്നിനൊന്ന് മെച്ചം. മക്കളും നല്ല സ്ഥിതിയിൽ. ബാധ്യതകളൊന്നുമില്ല. കാണുന്നവരൊക്കെ ബഹുമാനിച്ചു എഴുന്നേല്ക്കുന്നു. അവർക്കൊക്കെ വല്ലതും കൊടുക്കുന്നുമുണ്ട്. സഹായികളും ഒത്താശക്കാരും ധാരാളം.

പിന്നെന്താ, ചില ചില്ലറ തകരാറുകൾ ഉണ്ടെന്നു മാത്രം. കള്ളം പറയൽ ഒരു ദൗർബല്യമാണ്. കോപവും പെട്ടെന്നാണ് വരിക. ചെയ്തത് നാലാൾക്കിടയിൽ എടുത്തുപറയാനും ഇഷ്ടമാണ്. പ്രശംസയും ആസ്വദിക്കും. തന്നെ ആദരിക്കാത്തവരോട് അവജ്ഞയും ഉണ്ടല്പം. അത് തന്റെ തലക്കനത്തിന്റെ ഭാഗമാണെന്നാണ് ടിയാന്റെ വിശദീകരണം. എനിക്ക് പണമുണ്ടല്ലോ എന്നാണ് ന്യായീകരണം.

ശരി, എന്താ ഇപ്പറഞ്ഞതിനർഥം? ആന്തരിക സംസ്കാരം അയാൾക്ക് ഒട്ടും ഇല്ല എന്നല്ലേ? അതെ. അങ്ങനെ ഒന്നുണ്ടായിരുന്നെങ്കിൽ സമൂഹത്തിൽ പ്രയാങ്ങളുണ്ടാക്കുന്ന കാര്യങ്ങൾ അയാളിൽ ഉണ്ടാകുമായിരുന്നില്ല.

കള്ളം പറയൽ, മുൻകോപം, ചെയ്തത് എടുത്തുപറയൽ, ആത്മപ്രശംസ ഇഷ്ടപ്പെടൽ, സ്വയം ആദരവ് തേടൽ, അവജ്ഞ, തലക്കനം, പൊങ്ങച്ചം ഇതൊക്കെ ചേർന്നാൽ അതിനെന്താണ് വിശദീരണം? ഒരു മനുഷ്യനെ സ്വയം നശിപ്പിക്കാൻ ഈവക ചേരുവകൾ ധാരാളമാണ്. അയാൾ എത്ര തന്നെ പണമുള്ളവനായാലും നേതൃസ്ഥാനം ഉള്ളവനായാലും ശരി, മനുഷ്യൻ എന്ന അർഥത്തിൽ അയാൾ പരാജയമാണ്.

ഇതൊന്നും നാം അംഗീകരിക്കുകയും വകവെക്കുകയും സ്വയം കൊണ്ടുനടക്കുകയും ചെയ്യരുതാത്ത രോഗങ്ങളാണ്. മറ്റുള്ളവർക്കത് വകവെച്ചു കൊടുക്കുന്നതിനർഥം ഒരു സമൂഹത്തെ മൊത്തം നശിപ്പിക്കുന്ന രോഗത്തെ വളർത്താൻ സഹായിക്കുന്നു എന്നാണ്. അത് കൊണ്ടുനടക്കുന്നതിനർഥം സ്വയം നശിക്കുന്നുവെന്നാണ്. അതിനൊരു മാറ്റം നാം വരുത്തണം.

സ്വയം നന്നാകുവാനും സമൂഹത്തിലെ ജീർണതകൾ നന്നാക്കുവാനും നാം ശ്രമിക്കണം. ആന്തരിക സംസ്കാരമാണ് ആദ്യം വേണ്ടത്. നാം സ്വയം നന്നാവുക. മേൽ പറഞ്ഞ തകരാറുകളൊന്നും നമ്മുടെ മനസ്സിൽ ഉണ്ടാകരുത്. അതിനനുസരിച്ച് കുടുംബത്തെയും സജ്ജീകരിക്കുക. അത് കണ്ട് സമൂഹവും നന്നാകട്ടെ.

jthrees@hotmail.com